2026
NOVEMBER
02
MONDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



മികച്ച നേട്ടവുമായി റിലയൻസ്, ഐപിഒയ്ക്കു പിന്നാലെ ജിയോയ്ക്കും വൻ കുതിപ്പ്

മുംബൈ: റിഫൈനിങ് മേഖലയുടെയും ഡിജിറ്റൽ ബിസിനസിലെ വളർച്ചയുടെയും കരുത്തിൽ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ മികച്ച നേട്ടവുമായി റിലയൻസ് ഇൻഡസ്ട്രീസ്. കമ്പനിയുടെ സംയോജിത അറ്റാദായം രണ്ടാംപാദത്തിൽ വാർഷികാടിസ്ഥാനത്തിൽ 40.6% വർധിച്ചു. ലാഭം 25,548 കോടിയായാണ് ഉയർന്നത്.

ഓയിൽ മുതൽ റീട്ടെയ്ൽ വരെയുള്ള മേഖലകളിൽ സാന്നിധ്യമുള്ള റിലയൻസ് കഴിഞ്ഞ വർഷം ഇതേപാദത്തിൽ 18,165 കോടി രൂപയുടെ അറ്റാദായമാണ് നേടിയത്. മുൻപാദവുമായി താരതമ്യം ചെയ്യുമ്പോഴും ലാഭത്തിൽ വർധനയുണ്ട്. 20,946 കോടി രൂപയായിരുന്നു മുൻ പാദത്തിലെ ലാഭം.

പ്രവർത്തന വരുമാനം വാർഷികാടിസ്ഥാനത്തിൽ 28% കുതിച്ചുയർന്ന് റെക്കോർഡ് തുകയായ 3.38 ലക്ഷം കോടി രൂപയിലെത്തി. മികച്ച റിഫൈനിങ് മാർജിനാണ് ഈ നേട്ടത്തിനു പിന്നിൽ. ഡിജിറ്റൽ സർവീസസ് വിഭാഗവും മികച്ച പിന്തുണ നൽകി. അതേസമയം, റീട്ടെയ്ൽ മേഖല പിന്നോട്ടുപോയി.

രണ്ടാം പാദത്തിൽ ജിയോ പ്ലാറ്റ്ഫോംസിന്റെ അറ്റാദായം 13.7% ഉയർന്ന് 8,389 കോടി രൂപയായി.കമ്പനിയുടെ സംയോജിത വരുമാനം 11.4% ഉയർന്ന് 40,475 കോടി രൂപയിലെത്തി.

കഴിഞ്ഞവർഷം ഇതേപാദത്തിൽ 7,379 കോടി രൂപയായിരുന്നു. മുൻ പാദവുമായി താരതമ്യം ചെയ്യുമ്പോൾ സംയോജിത അറ്റാദായം 7,765 കോടി രൂപയിൽ നിന്ന് 8 ശതമാനവും പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം 39,173 കോടി രൂപയിൽ നിന്ന് 3.3 ശതമാനവും ഉയർന്നു.

ഓഹരിവിപണിയിൽ ലിസ്റ്റ് ചെയ്തതിനുശേഷം ജിയോ പുറത്തുവിടുന്ന ആദ്യ സാമ്പത്തിക ഫലമാണിത്.

ചരിത്രത്തിലാദ്യമായി റബ്ബർവില 300 തൊട്ടു

കോട്ടയം: ചരിത്രത്തിലാദ്യമായി റബ്ബർവില 300 എന്ന മാജിക് നമ്പർ തൊട്ടു. കോട്ടയത്ത് വെള്ളിയാഴ്ച ആർ.എസ്.എസ് 4 ഗ്രേഡ് റബ്ബർ കിലോയ്ക്ക് 300 രൂപയ്ക്കാണ് വ്യാപാരം നടന്നത്. പഴയ ഓർഡർ ബാക്കിയുണ്ടായിരുന്ന വ്യാപാരികളാണ് 300 രൂപയ്ക്ക് ഷീറ്റ് റബ്ബർ വാങ്ങിയത്. എന്നാൽ റബ്ബർബോർഡ് വില വെള്ളിയാഴ്ച കിലോയ്ക്ക് 298 രൂപയാണ്.

ഈവർഷം ജനുവരിയിൽ ആർ.എസ്.എസ്. 4 റബ്ബറിന് 192 രൂപയായിരുന്നു ശരാശരി വില. ഒൻപതു മാസത്തിനിടെയാണ് 108 രൂപയോളം കൂടിയത്. റബ്ബർ വിപണിയിലെ ഉണർവിൽ ഏറെ പ്രതീക്ഷയിലാണ് കർഷകരും വ്യാപാരികളും.സാമ്പത്തികം പഠിക്കുക

അന്താരാഷ്ട്രവില വെള്ളിയാഴ്ച കിലോയ്ക്ക് 268.63 രൂപയാണ്. ഇക്കഴിഞ്ഞ ജൂണിൽ അന്താരാഷ്ട്രവില 300 കടന്നെങ്കിലും പിന്നീട് താഴ്ന്നു.

ഉത്പാദനക്കുറവും വർധിച്ചുവരുന്ന ആവശ്യകതയുമാണ് ആഭ്യന്തരമാർക്കറ്റിൽ റബ്ബർവില വർധനയ്ക്കുള്ള കാരണമായി വിലയിരുത്തുന്നത്. റബ്ബർബോർഡിന്റെ കണക്കനുസരിച്ച് രാജ്യത്ത് 5.22 ലക്ഷം മെട്രിക് ടൺ റബ്ബറിന്റെ കുറവ് ഇപ്പോഴുണ്ട്. 1.76 ലക്ഷം ഹെക്ടറിൽ ഇപ്പോൾ ടാപ്പിങ് നടക്കുന്നില്ല.

കാലാവസ്ഥാ വ്യതിയാനമടക്കമുള്ള കാരണങ്ങളാൽ ഇന്ത്യയിലും മലേഷ്യ, തായ്ലൻഡ്, ഇന്തോനേഷ്യ തുടങ്ങിയ പ്രമുഖ റബ്ബർ ഉത്പാദക രാജ്യങ്ങളിലും ഉത്പാദനം കുറഞ്ഞു. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ കപ്പൽ ചരക്കുനീക്കം പ്രതിസന്ധിയിലായതും ഇറക്കുമതിക്ക് ചെലവേറിയതും ആഭ്യന്തരവിപണിക്ക് ഗുണകരമായി.

ക്രൂഡ് ഓയിൽ വിലക്കയറ്റത്തെത്തുടർന്ന് സിന്തറ്റിക് റബ്ബറിന് വില ഉയർന്നതും സ്വാഭാവിക റബ്ബറിന്റെവില വർധനയ്ക്ക് കാരണമായി.

കൂടുതൽ പൊതുമേഖല ബാങ്കുകൾ സ്വകാര്യമേഖലയിലേക്കെന്ന സൂചനയുമായി കേന്ദ്രസർക്കാർ

ന്യൂദൽഹി: രാജ്യത്തെ ബാങ്കിങ് സംവിധാനം പരിഷ്കരിക്കാൻ മുൻ കേന്ദ്ര വിജിലൻസ് കമ്മിഷണർ സുരേഷ് എൻ.പട്ടേലിന്റെ അധ്യക്ഷതയിൽ ഉന്നതതല സമിതിയെ നിയോഗിച്ചു. 2026–27 ബജറ്റിൽ ബാങ്കിങ് പരിഷ്കരണത്തിന് ഉന്നതല സമിതിയെ നിയോഗിക്കുമെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ചിരുന്നു.

റിസർവ് ബാങ്ക് ഡപ്യൂട്ടി ഗവർണർ ശിരീഷ് ചന്ദ്ര മുർമു, ഇന്ത്യൻ ബാങ്ക് മുൻ എംഡി പത്മജ ചുന്ദുരു, റിസർവ് ബാങ്ക് മുൻ ഡപ്യൂട്ടി ഗവർണർ എൻ.എസ്.വിശ്വനാഥൻ എന്നിവരാണ് അംഗങ്ങൾ.

കേന്ദ്ര ധന ജോയിന്റ് സെക്രട്ടറി (ബാങ്കിങ്) മെംബർ സെക്രട്ടറിയായിരിക്കും. 6 മാസമാണു കാലാവധി.

പൊതുമേഖലാ ബാങ്ക് ലയനവും പരിഗണനയിലുണ്ടാകുമെന്നാണു വിവരം.

ബാങ്ക് സ്വകാര്യവൽക്കരണത്തോടു കേന്ദ്രത്തിന് അനുകൂല സമീപനമാണ്.

കുതിച്ചുയർന്ന് ജിഎസ്എൽവി എഫ് 18

ശ്രീഹരിക്കോട്ട: ഇന്ത്യൻ ബഹിരാകാശ ഏജൻസിയായ ഐഎസ് ആർഒയുടെ ജിഎസ്എൽവി എഫ് 18 ദൗത്യം വിജയം. ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നായിരുന്നു വിക്ഷേപണം. നിർണായക ഭൗമനിരീക്ഷണ ഉപഗ്രഹമായ എൻവിഎസ് 03 ആണ് വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ചത്. ഐഎസ്ആർഒയുടെ 'സ്മാർട്ട് ബോയ്' എന്നറിയപ്പെടുന്ന ജിഎസ്എൽവി റോക്കറ്റിന്റെ ഇരുപതാം ദൗത്യമാണിത്.

പുനരുജ്ജീവിപ്പിക്കാൻ ഉള്ള ദൗത്യമാണിത്. ആകെ ദൗത്യ സമയം 19 മിനിറ്റാണ്. രണ്ടാം തലമുറ ഗതിനിർണ്ണയ ഉപഗ്രഹങ്ങളിൽ മൂന്നാമത്തേതാണ് എൻവിഎസ് 03. ഏകദേശം 2,250 കിലോഗ്രാം ഭാരമുള്ള എൻവിഎസ് 03 ഉപഗ്രഹത്തെ ജിഎസ്എൽവി റോക്കറ്റ് ഭൗമ സ്ഥിര ട്രാൻസ്ഫർ ഓർബിറ്റിൽ എത്തിക്കും. അവിടെ നിന്ന് ഉപഗ്രഹത്തിലെ സ്വന്തം പ്രൊപ്പൽഷൻ സിഗ്നലുകൾ ഉപയോഗിച്ച് ലക്ഷ്യസ്ഥാനത്ത് എത്തും. ഇന്ത്യയുടെ 1500 കിലോമീറ്റർ ചുറ്റളവിൽ എൻവിഎസ് 03യുടെ സേവനം ലഭ്യമാകും.മാപ്പുകൾ കാണുക

1999ലെ കാർഗിൽ യുദ്ധകാലത്ത് അമേരിക്ക തങ്ങളുടെ ജിപിഎസ് വിവരങ്ങൾ ഇന്ത്യയ്ക്ക് നൽകാൻ വിസമ്മതിച്ചിരുന്നു. ഇതേ തുടർന്നാണ് വിദേശ ഉപഗ്രഹങ്ങളെ ആശ്രയിക്കാതെ സ്വന്തമായി ഒരു നാവിഗേഷൻ സംവിധാനം വേണമെന്ന പാഠം ഇന്ത്യ ഉൾക്കൊണ്ടതും നാവിക് പദ്ധതിക്ക് തുടക്കമിട്ടതും.

ICL
Join ICL, Grow with us
ICL Fincorp
*As Per EMI Scheme Basis *T&C Apply
ഗോൾഡ് ലോൺ @ 7.5* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾക്ക് വേണ്ടി ദേശീയ സാമൂഹിക സുരക്ഷാ ബോർഡ് രൂപീകരിച്ചു

ന്യൂദൽഹി: സ്വിഗ്ഗി, സൊമാറ്റോ, ഊബർ തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് കേന്ദ്ര തൊഴിൽ മന്ത്രാലയം ദേശീയ സാമൂഹിക സുരക്ഷാ ബോർഡ് രൂപീകരിച്ചു.

2020ലെ സാമൂഹിക സുരക്ഷാ കോഡ് പ്രകാരമാണ് ഈ നിർണായക വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. ഡെലിവറി ജീവനക്കാർ, ഓൺലൈൻ ടാക്സി ഡ്രൈവർമാർ തുടങ്ങി സ്ഥിരമായ തൊഴിലുടമതൊഴിലാളി ബന്ധമില്ലാതെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ജോലി ചെയ്യുന്ന വലിയൊരു വിഭാഗം തൊഴിലാളികൾക്ക് ഈ പുതിയ നീക്കം വലിയ ആശ്വാസമാകും.

കേന്ദ്ര തൊഴിൽ മന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ ബോർഡിൽ കേന്ദ്ര സംസ്ഥാന പ്രതിനിധികളും അഗ്രിഗേറ്റർ കമ്പനികളും തൊഴിലാളി സംഘടനകളും അംഗങ്ങളായിരിക്കും.

തൊഴിലാളികൾക്കായി ലൈഫ് ഇൻഷുറൻസ്, അപകട ഇൻഷുറൻസ്, ആരോഗ്യ പരിരക്ഷ, വാർധക്യ സംരക്ഷണം തുടങ്ങിയ വിവിധ ക്ഷേമപദ്ധതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് ബോർഡിന്റെ പ്രധാന ചുമതല.

ആനുകൂല്യങ്ങൾ അർഹരായ വരിലേക്ക് എത്തിക്കുന്നതിൽ 'ഇ ശ്രം' പോർട്ടലും നിർണായക പങ്ക് വഹിക്കും.

രാജ്യത്ത് അതിവേഗം വളരുന്ന തൊഴിൽ മേഖലയായ ഗിഗ് സെക്ടറിൽ ജോലി സ്ഥിരതയില്ലായ്മയും സുരക്ഷാ ആനുകൂല്യങ്ങളുടെ അഭാവവും വലിയ പ്രതിസന്ധിയായിരുന്നു.

2030 ആകുമ്പോഴേക്കും ഇന്ത്യയിലെ ഗിഗ് തൊഴിലാളികളുടെ എണ്ണം 2.35 കോടിയായി ഉയരുമെന്നാണ് കണക്കാക്കുന്നത്.

ഈ പശ്ചാത്തലത്തിൽ രൂപീകൃതമായ ദേശീയ ബോർഡ് തൊഴിലാളികളുടെ ജീവിതത്തിൽ സുപ്രധാന മാറ്റങ്ങൾ കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.



സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ; ക്യാമ്പസ് ടു ബൂത്ത് പോസ്റ്റർ പ്രകാശനവും പരിശീലന ക്ലാസ്സും

കോഴിക്കോട്: സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ (സ്പെഷ്യൽ സമ്മറി റിവിഷൻ) യജ്ഞം 2027ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന 'ക്യാമ്പസ് ടു ബൂത്ത്' ഡ്രൈവിൽ പങ്കാളികളാകുന്ന ഇ.എൽ.സി/ എൻ.എസ്.എസ് അധ്യാപക കോർഡിനേറ്റർമാർക്കുള്ള പരിശീലന പരിപാടി ജില്ലാ കളക്ടർ എം.എസ്. മാധവിക്കുട്ടി ഉദ്ഘാടനം ചെയ്തു. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനായി യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പരിപാടിയുടെ പോസ്റ്റർ പ്രകാശനവും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ നിർവഹിച്ചു. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എ.കെ. പ്രതീഷ് അധ്യക്ഷത വഹിച്ചു.

രണ്ട് സെഷനുകളിലായി സംഘടിപ്പിച്ച പരിശീലനത്തിൽ വടകര, കൊയിലാണ്ടി, താമരശ്ശേരി, കോഴിക്കോട് താലൂക്കുകളിലെ വിവിധ ഹയർ സെക്കൻഡറികളിലെയും കോളേജുകളിലെയും കോർഡിനേറ്റർമാർ പങ്കെടുത്തു.

2027 ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയാകുന്നവർക്കും നിലവിൽ 17 വയസ്സ് പൂർത്തിയായവർക്കും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനായി നവംബർ രണ്ട് മുതൽ ഏഴ് വരെ ജില്ലയിലെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചാണ് ഡ്രൈവ് സംഘടിപ്പിക്കുന്നത്. ഇലക്ടറൽ ലിറ്ററസി ക്ലബ്ബ്, എൻ.എസ്.എസ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

നിലവിൽ കോളേജിന് അടുത്തുള്ള വില്ലേജ് ഓഫീസുകളിലെ ഫെസിലിറ്റേഷൻ സെന്ററുകളിൽ രണ്ട് എൻ.എസ്.എസ് വോളന്റിയർമാർ വീതം അർഹരായ വ്യക്തികളെ ഓൺലൈനായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സഹായിക്കുന്നുണ്ട്. കൂടാതെ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ ബൂത്ത് ലെവൽ ഓഫീസർമാരുമായി ചേർന്ന് ഡിജിറ്റലൈസ് ചെയ്യാനും സഹായം നൽകുന്നുണ്ട്. ഇതിനു പുറമെയാണ് 'ക്യാമ്പസ് ടു ബൂത്ത്' ഡ്രൈവ് സംഘടിപ്പിക്കുന്നത്.

തിരഞ്ഞെടുപ്പ് വിഭാഗം സീനിയർ ക്ലർക്ക് സി. രാജേഷ്, ടെക്നിക്കൽ അസിസ്റ്റന്റ് എം. പ്രയാഗ്, ഇ.എൽ.സി. ജില്ലാ കോളേജ് കോർഡിനേറ്റർ ഡോ. നിജീഷ് ആനന്ദ്, ജൂനിയർ സൂപ്രണ്ടും ഇ.എൽ.സി ജില്ലാ സ്കൂൾ കോർഡിനേറ്ററുമായ എസ്. കമലേഷ്, ജില്ലാ എൻ.എസ്.എസ്. കോർഡിനേറ്റർ ഫസീൽ അഹമ്മദ്, എം.എം. വിഷ്ണു എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.



രാജഗിരിയിൽ കതാർസിസ് സമാപിച്ചു

കൊച്ചി: രാജഗിരി ക്രിസ്തു ജയന്തി പബ്ലിക് സ്കൂളിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദ്വിദിന വാർഷിക ആരോഗ്യക്ഷേമ മേളയായ കതാർസിസ് സമാപിച്ചു. സമാപന സമ്മേളനത്തിൽ മന്ത്രി റോജി എം. ജോൺ മുഖ്യാതിഥിയായി.

പ്രിൻസിപ്പൽ ഫാ. ഡോ. വർഗീസ് കാച്ചപ്പിള്ളി മേള ഉദ്ഘാടനം ചെയ്തു. 15 സ്കൂളുകളിൽ നിന്നായി 70ലധികം വിദ്യാർഥികൾ പങ്കെടുത്തു. വിവിധ മത്സരങ്ങൾ, ഇന്ററാക്ടീവ് ഗെയിമുകൾ, ബോധവത്കരണ സെഷനുകൾ, ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ എന്നിവ മേളയുടെ ഭാഗമായി സംഘടിപ്പിച്ചു.

വിജയികൾക്ക് മന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്തു. അധ്യാപനപഠന രീതികൾക്കായി പ്രത്യേക സെഷനുകളും നടന്നു.

സോഷ്യൽ എൻറർപ്രണർ രൂപ ജോർജ്, സൈബർ ഡോം എസ്ഐ വി.ജെ. ആന്റണി, ഡോ. വിപിൻ ബി. റോൾഡാന്റ്, ഡോ. ജോൺസൺ അലക്സ്, ഡോ. എസ്.പി. രാജീവ് തുടങ്ങിയവരും പങ്കെടുത്തു.



ലോക പക്ഷാഘാതദിനം: ജില്ലാതല ഉദ്ഘാടനവും പരിശീലന പരിപാടിയും സംഘടിപ്പിച്ചു

തിരുവല്ല: ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ആരോഗ്യ കേരളം പത്തനംതിട്ട എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക പക്ഷാഘാത ദിനാചരണത്തിന്റെയും ബോധവൽക്കരണ പരിശീലന പരിപാടിയുടെയും ഉദ്ഘാടനം തിരുവല്ല താലൂക്ക് ആശുപത്രിയിൽ ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജിനു ജി തോമസ് നിർവഹിച്ചു. തിരുവല്ല താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.നിബിൻ കൃഷ്ണൻ അധ്യക്ഷനായി.

തലച്ചോറിലെ കേന്ദ്രങ്ങൾക്ക് പ്രവർത്തിക്കുവാൻ ആവശ്യമായ രക്തം ലഭിക്കാതിരിക്കുന്നത് വഴി കോശങ്ങൾക്ക് ആവശ്യമായ പ്രാണവായു, പോഷകങ്ങൾ എന്നിവയുടെ ലഭ്യത നഷ്ടമാവുകയും അതുമൂലം മസ്തിഷ്കകോശങ്ങളുടെ പ്രവർത്തനം സ്തംഭിച്ച് പോവുകയും ചെയ്യുന്ന അവസ്ഥയാണ് പക്ഷാഘാതം അഥവാ സ്ട്രോക്ക്. ജില്ലാ മാസ് മീഡിയ വിഭാഗം തയ്യാറാക്കിയ പക്ഷാഘാതം വരാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ ഉൾക്കൊള്ളിച്ച ബോധവൽക്കരണ പോസ്റ്ററിന്റെ പ്രകാശനവും ചടങ്ങിൽ നടത്തി. 'നിമിഷങ്ങൾക്ക് ജീവന്റെ വിലയുണ്ട്' എന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം.

പത്തനംതിട്ട ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് ഡോ. സ്റ്റാൻലി ജോർജ് ബോധവൽക്കരണ പരിശീലന ക്ലാസ് നയിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. ശ്രീജിത്ത് ബാബു, ജില്ലാ എജ്യൂക്കേഷൻ ആന്റ് മീഡിയ ഓഫീസർമാരായ ആർ ദീപ, എം പി ബിജു കുമാർ, ജില്ലാ നഴ്സിംഗ് ഓഫീസർ ഇൻ ചാർജ് ലാലി തോമസ്, ഹെൽത്ത് ഇൻസ്പെക്ടർ ഷിബു, ആരോഗ്യപ്രവർത്തകർ, വയോജനങ്ങൾ, നഴ്സിംഗ് വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു. ദിനാചരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ജീവിതശൈലി രോഗനിർണയ ക്യാമ്പ് നടത്തി. തിരുവല്ല പുഷ്പഗിരി നഴ്സിംഗ് കോളേജിലെ നഴ്സിംഗ് വിദ്യാർഥികൾ അവതരിപ്പിച്ച ബോധവൽക്കരണ ഫ്ലാഷ് മോബ് ശ്രദ്ധേയമായി.



സൊസൈറ്റി ടുഡേ SOCIETY TODAY



തിരുനാവായ മഹാമാഘ മഹോത്സവം 2027ന്റെ സ്വാഗതസംഘം രൂപീകരണത്തിന്റെ പ്രഖ്യാപനം കൊച്ചിയിൽ കേരള മാർഗദർശക മണ്ഡലം സംസ്ഥാന അധ്യക്ഷൻ ചിദാനന്ദപുരി സ്വാമികൾ നടത്തുന്നു. സ്വാമി കൃഷ്ണമയാനന്ദ തീർത്ഥപാദർ, സ്വാമി സത്സ്വരൂപാനന്ദ സരസ്വതി, അതുല്യാമൃത പ്രാണ മാതാജി ,സ്വാമി ഡോ.ധർമ്മാനന്ദ ,സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി, സ്വാമി ഗുരുദാസാനന്ദ സരസ്വതി,സ്വാമി ശിവസ്വരൂപാനന്ദ, തുടങ്ങിയവർ സമീപം.

തിരുനാവായ മഹാമാഘ മഹോത്സവം 2027:

മാതാ അമൃതാനന്ദമയി മുഖ്യ രക്ഷാധികാരി, സ്വാഗതസംഘം ചെയർമാൻ മെട്രോമാൻ ഇ. ശ്രീധരൻ

കൊച്ചി: തിരുനാവായയിൽ 2027 ജനുവരി 22 മുതൽ ഫെബ്രുവരി 21 വരെ സംഘടിപ്പിച്ചിരിക്കുന്ന മഹാമാഘ മഹോത്സവത്തിന്റെ മുഖ്യ രക്ഷാധികാരിയായി മാതാ അമൃതാനന്ദമയിയും, സ്വാഗതസംഘം ചെയർമാനായി മെട്രോമാൻ ഇ.ശ്രീധരനും പ്രവർത്തിക്കുമെന്ന് കൊച്ചി കലൂർ പാവക്കുളം ഹിന്ദു സാംസ്കാരിക കേന്ദ്രത്തിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ മാർഗദർശക മണ്ഡലം സംസ്ഥാന അധ്യക്ഷൻ ചിദാനന്ദപുരി സ്വാമികൾ അറിയിച്ചു. ഈമാസം (നവംബർ 12) പന്ത്രണ്ടിന് തിരുനാവായിൽ രാവിലെ നൂറ്കണക്കിന് സന്യാസിമാരുടെ നേതൃത്വത്തിൽ ബൃഹത്ത് സമ്മേളനവും തുടർന്ന് വൈകിട്ട് നാലിന് സ്വാഗതസംഘം രൂപീകരണവും നടക്കും. കാഞ്ചി കാമകോടി പീഠാധിപതി ഉൾപ്പെടെ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രമുഖ ആചാര്യന്മാരുടെ സാന്നിധ്യം ഈ ചടങ്ങുകളിൽ ഉണ്ടാകുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.

കേരളത്തിലെ ഹൈന്ദവ സമൂഹത്തെയും ആചാര്യന്മാരെയും ഒരു കുടക്കീഴിൽ കൊണ്ടുവരികയാണ് ഈ കൂട്ടായ്മയുടെ പ്രധാന ലക്ഷ്യമെന്ന് ചിദാനന്ദപുരി സ്വാമികൾ വ്യക്തമാക്കി. 2016 മുതൽ മികച്ച നിലയിൽ നടന്നുവരുന്ന മഹാമാഘം ഇത്തവണ കൂടുതൽ ജനകീയമാക്കാനും വിപുലീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്. ഭാരതപ്പുഴയുടെ ഇരു കരകളിലുമായുള്ള തിരുനാവായ, തവനൂർ പ്രദേശങ്ങളിലെ സന്യാസി ശ്രേഷ്ഠന്മാരുടെയും എല്ലാ വിഭാഗം ജനങ്ങളുടെയും പൂർണ്ണ പങ്കാളിത്തത്തോടെയാകും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

വാർത്താ സമ്മേളനത്തിൽ കേരള മാർഗദർശക മണ്ഡലം സംസ്ഥാന അധ്യക്ഷൻ ചിദാനന്ദപുരി സ്വാമികൾക്ക് പുറമെ ജനറൽ സെക്രട്ടറി സ്വാമി സത്സ്വരൂപാനന്ദ സരസ്വതി, കേരളത്തിലെ വിവിധ സന്യാസ മഠങ്ങളെ പ്രതിനിധീകരിച്ച് അതുല്യാമൃത പ്രാണമാതാജി (മാതാ അമൃതാനന്ദമയി മഠം), സ്വാമി കൃഷ്ണമയാനന്ദ തീർത്ഥപാദർ (തീർത്ഥപാദാശ്രമം), സ്വാമി ഡോ. ധർമ്മാനന്ദ (രാമാനന്ദാശ്രമം), സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി (ദയാനന്ദാശ്രമം), സ്വാമി ഗുരുദാസാനന്ദ സരസ്വതി (ശ്രീരാമദാസ മിഷൻ), സ്വാമി ശിവസ്വരൂപാനന്ദ, സ്വാമി ശിവനാരായണ തീർത്ഥ (ഇരുവരും ശിവഗിരി മഠം) എന്നീ പ്രമുഖ സന്യാസ വര്യന്മാരും പങ്കെടുത്തു.



വിഴിഞ്ഞം തുറമുഖത്ത് ആദ്യ ഇറക്കുമതിക്കപ്പലെത്തി

വിഴിഞ്ഞം: രാജ്യത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഇറക്കുമതിക്കായുള്ള ആദ്യ കപ്പൽ എത്തിച്ചേർന്നു. ട്രാൻസ്ഷിപ്മെൻറ് ഹബ്ബ് എന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്കു പുറമെ, കേരളത്തിലെ ഇറക്കുമതിക്കാർക്ക് നേരിട്ട് സേവനം നൽകുന്ന നിർണായക ഘട്ടത്തിലേക്കാണ് ഇതോടെ തുറമുഖം ചുവടുവെയ്ക്കുന്നത്.

ആദ്യ ഇറക്കുമതി കണ്ടെയ്നറിന്റെ ഫ്ലാഗ് ഓഫ് ചടങ്ങ് മൂന്നിനു രാവിലെ 11ന് വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജെറോമിക് ജോർജ് നിർവഹിക്കും. ചൈനയിലെ നിങ്ബോയിൽനിന്നാണ് വിഴിഞ്ഞത്തേക്ക് ആദ്യ ഇൻബൗണ്ട് കണ്ടെയ് നർ ബുക്ക് ചെയ്തത്. എംഎസ്സി സബ്രീന ത്രീ എന്ന കപ്പലിലാണ് ചരക്ക് വിഴിഞ്ഞം തുറമുഖത്ത് എത്തിയത്. തിരുവനന്തപുരത്തെ പ്രമുഖ വ്യാപാര സ്ഥാപനമായ എംഎസ് ആൽടെയർ ഗ്രൂപ്പിനു വേണ്ടി, മറ്റൊരു തിരുവനന്തപുരം സ്റ്റാർട്ടപ്പായ ബിഎസ് 2ജി ലോജിസ്റ്റിക്സ് ആൻഡ് ഷിപ് ചാൻഡലേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് കണ്ടെയ്നർ ബുക്ക് ചെയ്തത്. പരമ്പരാഗത പ്ലൈവുഡിനു പകരം നിർമാണ മേഖലയിൽ ഉപയോഗിക്കാവുന്ന എൻജിനിയർഡ് ബിൽഡിംഗ് ബോർഡുകളുടെ ഫുൾ കണ്ടെയ്നർ ലോഡാണ് ഈ ചരക്കിലുള്ളത്.

ഇതിനുമുമ്പ് മറ്റു സംസ്ഥാനങ്ങളിലെ തുറമുഖങ്ങളെ ആശ്രയിക്കേണ്ടിയിരുന്ന അവസ്ഥ മാറി. ഇനിമുതൽ കണ്ടെയ്നറുകൾ വിഴിഞ്ഞത്തു തന്നെ ഇറക്കി, കസ്റ്റംസ് ക്ലിയറൻസ് നടത്തി കേരളത്തിലെ വിപണികളിലേക്കു നേരിട്ടെത്തിക്കാം. ഇതു സംരംഭകർക്ക് ചരക്കുഗതാഗത ചെലവും സമയവും വലിയ തോതിൽ ലാഭിച്ചു നൽകും. ചരക്ക് കൈകാര്യ, ലോജിസ്റ്റിക്സ് വരുമാനം സംസ്ഥാനത്തിനുള്ളിൽ തന്നെ നിലനിൽക്കും. കൂടാതെ കസ്റ്റംസ് ബ്രോക്കർമാർ, ഫ്രൈറ്റ് ഫോർവേഡർമാർ, ട്രാൻസ്പോർട്ടർമാർ, വെയർഹൗസ് നടത്തിപ്പുകാർ, തുറമുഖ തൊഴിലാളികൾ തുടങ്ങിയ മേഖലകളിൽ തിരുവനന്തപുരത്തും തെക്കൻ ജില്ലകളിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കേരളത്തിന്റെ സ്വന്തം വ്യാപാര കവാടമായി വിഴിഞ്ഞം മാറുന്നതിന്റെയും, പ്രാദേശിക സംരംഭകരുടെ വലിയ മുന്നേറ്റത്തിന്റെയും തെളിവാണ് ഈ ആദ്യ ഇറക്കുമതി.

ദേശീയതലത്തിൽ യുകെഎഫ് ഓട്ടോണമസ് കോളജിന് അഭിമാന നേട്ടം

പാരിപ്പള്ളി: ദേശീയതലത്തിൽ സംഘടിപ്പിച്ച നാഷണൽ ഇലക്ട്രിക് ബൈക്ക് ഡിസൈൻ ചലഞ്ച് (ഇബിഡിസി 2026) സീസൺ 6.0ൽ മികച്ച നേട്ടങ്ങൾ കൈവരിച്ച് പരിപ്പള്ളിയു കെഎഫ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി (ഓട്ടോണമസ്) ഗാരേജ് ടീം.

കോയമ്പത്തൂരിലെ ശ്രീരാമകൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ മെക്കാട്രോൺ മോട്ടോഴ്സ് സംഘടിപ്പിച്ച മത്സരത്തിലാണ് യുകെഎഫ് വിദ്യാർഥികൾ വിവിധ വിഭാഗങ്ങളിലായി ശ്രദ്ധേയമായ വിജയങ്ങൾ സ്വന്തമാക്കിയത്.ദേശീയതലത്തിലെ ഈ നേട്ടം സ്ഥാപനത്തിനും കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്കും അഭിമാനമായി.

മത്സരത്തിൽ ഫാക്കൽറ്റി അഡ്വൈസർ, വനിതാ ക്യാപ്റ്റൻ, പുരുഷ ഡ്രൈവർ, ഓഫ്റോഡ് ടെസ്റ്റ് എന്നീ വിഭാഗങ്ങളിൽ ടീം ഒന്നാം സ്ഥാനം നേടി. എൻഡ്യൂറൻസ് ടെസ്റ്റിൽ റണ്ണർ അപ്പ് സ്ഥാനവും മികച്ച വനിതാ ഡ്രൈവർ വിഭാഗത്തിൽ ഒന്നാം സ്ഥാനവും സ്വന്തമാക്കി. സാങ്കേതിക മികവ്, ടീം വർക്ക്, പരിശീലനം, കഠിനാധ്വാനം എന്നിവയുടെ കരുത്തിലാണ് ടീം ഈ നേട്ടങ്ങൾ കൈവരിച്ചത്.

കേരളത്തിലെ ആദ്യത്തെ പൂർണ വനിതാ ഇബൈക്ക് ടീമിനെ അവതരിപ്പിച്ച സ്ഥാപനമെന്ന പ്രത്യേകതയും യുകെഎഫ് ഗാരേജിനുണ്ട്. വിദ്യാർഥികളിൽ സാങ്കേതിക നൈപുണ്യം, നവീകരണ ചിന്ത, സംരംഭകത്വ മനോഭാവം, മത്സരക്ഷമത എന്നിവ വളർത്തുന്നതിനായി കോളജ് നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇത്തരം നേട്ടങ്ങൾ കൈവരിക്കാനായത്.

ദേശീയതലത്തിൽ യുകെഎഫ് വിദ്യാർഥികളും അധ്യാപകരും ഒരുപോലെ മികവ് തെളിയിച്ചത് സ്വയംഭരണ സ്ഥാപനമായ യുകെഎഫ് കോളജ് ഓഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളജിയുടെ അക്കാദമികസാങ്കേതിക മുന്നേറ്റങ്ങൾക്ക് കൂടുതൽ കരുത്തേകുന്നു. വിദ്യാർഥികളുടെ പ്രായോഗിക പരിജ്ഞാനത്തിനും വ്യവസായമേഖലയുമായി ബന്ധപ്പെട്ട നൈപുണ്യവികസനത്തിനും പ്രാധാന്യം നൽകുന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഈ നേട്ടം പുതിയ പ്രചോദനമാകും.

മുത്തൂറ്റ് ഹെൽത്ത്കെയറും കാഹോയും; റീജണൽ ഹെൽത്ത്കെയർ കോൺക്ലേവ് ശ്രദ്ധേയമായി



തിരുവല്ല: രോഗികേന്ദ്രീകൃത പരിചരണവും ആരോഗ്യരംഗത്തെ സേവനമികവും മുൻനിർത്തി മുത്തൂറ്റ് ഹെൽത്ത്കെയറും കൺസോർഷ്യം ഓഫ് അക്രഡിറ്റഡ് ഹെൽത്ത് കെയർ ഓർഗനൈസേഷൻസും (കാഹോ) സംയുക്തമായി സംഘടിപ്പിച്ച റീജണൽ ഹെൽത്ത്കെയർ കോൺക്ലേവ് കെയർ 360 ഡിഗ്രി ബിയോണ്ട് ക്ലിനിക്കൽ എക്സലൻസ് തിരുവല്ല വിജയ ഇൻറർനാഷണൽ കൺവെൻഷൻ സെൻററിൽ നടന്നു.

ആരോഗ്യരംഗത്തെ ഗുണനിലവാരം, രോഗികളുടെ സുരക്ഷ, മികച്ച സേവനാനുഭവം എന്നിവ മെച്ചപ്പെടുത്തുന്നതിനായി സംഘടിപ്പിച്ച സമ്മേളനത്തിൽ വിവിധ ആശുപത്രികളിൽനിന്നുള്ള ആരോഗ്യവിദഗ്ധരും ആശുപത്രി ഭരണനിർവഹണ രംഗത്തെ പ്രമുഖരുമുൾപ്പെടെ മൂന്നൂറിലധികം പേർ പങ്കെടുത്തു.

വർഗീസ് മാമ്മൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. മുത്തൂറ്റ് ഹെൽത്ത്കെയർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഓർഗനൈസിംഗ് ചെയർപേഴ്സണുമായ വീരശേഖരൻ സുബ്ബയ്യൻ, കിൻഡർ ഹോസ്പിറ്റൽസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ രഞ്ജിത്ത് കൃഷ്ണൻ, റെനായി മെഡിസിറ്റി വൈസ് പ്രസിഡൻറും കാഹോ കേരള സ്റ്റേറ്റ് ചെയർപേഴ്സണുമായ സിജോ വി. ജോസഫ് എന്നിവർ പ്രഭാഷണം നടത്തി. ഡോ. അന്ന ജോർജ് നന്ദി പറഞ്ഞു.

ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ ഗ്രൂപ്പ് ഗ്രൂപ്പ് ചീഫ് ഗ്രേസി മത്തായി, രാജഗിരി ഹോസ്പിറ്റൽ ജനറൽ മാനേജർ ഡോ. ധന്യ മൈക്കിൾ, ആസ്റ്റർ ഡിഎം കാളിറ്റി കെയർ ഇന്ത്യ ജനറൽ മാനേജർ ഡോ. അന്ന ജോർജ്, ഹെഡ് സർവീസ് എക്സലൻസ് ടി.ജി. അനിത, കാരിത്താസ് ഹോസ്പിറ്റൽ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. അജിത് വേണുഗോപാലൻ, ആസ്റ്റർ മിംസ് കോഴിക്കോട് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഗോപിനാഥ് മാമ്പള്ളിക്കളം എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

സൊസൈറ്റി ടുഡേ SOCIETY TODAY



കൊച്ചി അമൃത കോളജ് ഓഫ് നഴ്സിങ്ങിന്റെ ആഭിമുഖ്യത്തിൽ 'എഐ ഇൻ റിസർച്ച്: ഫ്രം കൺസെപ്റ്റ് ടു കമ്മ്യൂണിറ്റി - ദ കംപ്ലീറ്റ് സൈക്കിൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനം കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ സെന്റർ ഫോർ ന്യൂറോ സയൻസ് ഓണററി ഡയറക്ടർ ഡോ. ബേബി ചക്രപാണി പി.എസ്. ഉദ്ഘാടനം ചെയ്യുന്നു.

ഗവേഷണരംഗത്ത് എഐയുടെ അനന്തസാധ്യതകൾ; അമൃതയിലെ ദേശീയ സമ്മേളനം സമാപിച്ചു

കൊച്ചി: ആരോഗ്യഗവേഷണത്തിൽ നിർമിതബുദ്ധിയുടെ (എഐ) സാധ്യതകളും പ്രായോഗിക പ്രയോഗങ്ങളും ചർച്ച ചെയ്ത് കൊച്ചി അമൃത കോളജ് ഓഫ് നഴ്സിങ്ങിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനം സമാപിച്ചു. 'എഐ ഇൻ റിസർച്ച്: ഫ്രം കൺസെപ്റ്റ് ടു കമ്മ്യൂണിറ്റി - ദ കംപ്ലീറ്റ് സൈക്കിൾ' എന്ന വിഷയത്തിൽ ആയിരുന്നു ദ്വിദിന സമ്മേളനം. ആരോഗ്യഗവേഷണത്തിൽ എഐയുടെ ഉപയോഗം, ഗവേഷണത്തിലെ നൈതികത, തെളിവുകളെ അടിസ്ഥാനമാക്കിയുള്ള ചികിത്സാരീതികൾ, ശാസ്ത്രീയ പ്രസിദ്ധീകരണം തുടങ്ങിയ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയായി. ആരോഗ്യരംഗത്തും ഗവേഷണത്തിലും സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ഗവേഷണത്തിന്റെ വിശ്വാസ്യതയും നൈതികതയും ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യവും ചർച്ചകളിൽ ഉയർന്നു.

സമ്മേളനത്തിന്റെ ഭാഗമായി ഗവേഷണ പ്രബന്ധങ്ങളുടെയും പോസ്റ്ററുകളുടെയും അവതരണങ്ങൾ നടന്നു. 'ഗവേഷകരെ എഐ മാറ്റിസ്ഥാപിക്കുമോ, അതോ കൂടുതൽ ശാക്തീകരിക്കുമോ?' എന്ന വിഷയത്തിൽ പാനൽ ചർച്ചയും സംഘടിപ്പിച്ചു. മികച്ച ഗവേഷണ സംഭാവനകൾക്ക് മികച്ച പ്രബന്ധം, മികച്ച പോസ്റ്റർ പുരസ്കാരങ്ങളും ഏർപ്പെടുത്തിയിരുന്നു. സമ്മേളനത്തിന്റെ ഭാഗമായി എഐ ഇൻ റിസർച്ച്: ഫ്രം കൺസെപ്റ്റ് ടു മാനുസ്ക്രിപ്റ്റ്' എന്ന വിഷയത്തിൽ പ്രീകോൺഫറൻസ് പരിശീലന ശിൽപശാലയും നടന്നു. ഗവേഷണ ആശയങ്ങളെ ശാസ്ത്രീയമായ രീതിയിൽ വികസിപ്പിക്കുന്നതിനും പ്രസിദ്ധീകരണത്തിന് അനുയോജ്യമായ പ്രബന്ധങ്ങളാക്കി മാറ്റുന്നതിനും എഐ എങ്ങനെ പ്രയോജനപ്പെടുത്താമെന്നതിൽ ശിൽപശാല ശ്രദ്ധ കേന്ദ്രീകരിച്ചു.

അമൃത കോളജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി. മോളിയുടെ നേതൃത്വത്തിലായിരുന്നു സമ്മേളനത്തിന്റെ സംഘാടനം. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ സെന്റർ ഫോർ ന്യൂറോ സയൻസ് ഓണററി ഡയറക്ടർ ഡോ. ബേബി ചക്രപാണി പി.എസ്. സമ്മേളനം ഉദ്ഘാടനം ചെയ്തു. അമൃത സ്കൂൾ ഓഫ് ബിസിനസ് ഡീൻ ഡോ. രഘു രാമൻ സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു.

ആരോഗ്യപ്രവർത്തകർ, അധ്യാപകർ, ഗവേഷകർ, വിദ്യാർഥികൾ എന്നിവർക്കിടയിൽ ഗവേഷണവും സാങ്കേതികവിദ്യയും തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

സൗജന്യ മെഡിക്കൽ ക്യാമ്പും ബോധവത്കരണ പരിപാടിയും സംഘടിപ്പിച്ചു

കോട്ടയം: മഹാത്മാഗാന്ധി സർവകലാശാലാ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ (ഐയുസിബിആർ) ആഭിമുഖ്യത്തിൽ മെറ്റാബോളിക് !ഡിസോഡേഴ്സ്, നാഡീസംബന്ധമായ രോഗങ്ങൾ എന്നിവ സംബന്ധിച്ച ബോധവത്കരണ പരിപാടിയും സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. എഎൻആർഎഫ്,പെയർ പദ്ധതിയുടെ ഭാഗമായി തലപ്പാടിയിലെ ഐയുസിബിആർ ക്യാമ്പസിൽ നടന്ന പരിപാടിയിൽ 90ലധികം പേർ പങ്കെടുത്തു.

പുതുപ്പള്ളി എംഎൽഎ അഡ്വ. ചാണ്ടി ഉമ്മൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഗവേഷണരംഗത്ത് ഐയുസിബിആർ മികവ് പുലർത്തുന്നതായും സ്ഥാപനത്തെ കൂടുതൽ ഉയരങ്ങളിലെത്തിക്കാൻ തന്റെ ഭാഗത്തുനിന്ന് സാധ്യമായ എല്ലാ സഹായങ്ങളും പിന്തുണയും നൽകുമെന്നും അദ്ദേഹം പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. ഗിരീഷ് കുമാർ ജി.എസ്. അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. തോമസ് കുരുവിള പ്രത്യേക പ്രഭാഷണം നടത്തി.

കോട്ടയം ജനറൽ ആശുപത്രിയിലെ ന്യൂറോളജിസ്റ്റ് ഡോ. രാജി കൃഷ്ണ, കോട്ടയം ഡി.ഇ.ഐ.സിയിലെ ഡെവലപ്മെന്റൽ ന്യൂറോളജിസ്റ്റ് ഡോ. സുജ പി., കോട്ടയം ജില്ലാ ആയുഷ് പ്രോഗ്രാം മാനേജർ ഡോ. ജുവൽ ജോസ് എന്നിവർ ബോധവത്കരണ ക്ലാസുകൾ നയിച്ചു.



സൗജന്യ ഫൈബ്രോസ്കാൻ പരിശോധന, രക്തപരിശോധനകൾ, കുറഞ്ഞ ചെലവിലുള്ള അൽഷിമേഴ്സ് രക്ത ബയോമാർക്കർ പരിശോധന എന്നിവ ക്യാമ്പിന്റെ ഭാഗമായി നടത്തി. ഓട്ടിസം, അൽഷിമേഴ്സ്, പാർക്കിൻസൺസ് തുടങ്ങിയ നാഡീവ്യവസ്ഥാ രോഗങ്ങൾ, ഫാറ്റി ലിവർ, പ്രമേഹം തുടങ്ങിയ മെറ്റാബോളിക് ഡിസോഡേഴ്സ് എന്നിവയെക്കുറിച്ചുള്ള ബോധവത്കരണവും സമഗ്ര വയോജനാരോഗ്യ ചർച്ചയും പരിപാടിയുടെ ഭാഗമായിരുന്നു. രോഗങ്ങളെ തിരിച്ചറിയുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതും സംബന്ധിച്ച അവബോധത്തിനും പരിപാടിയിൽ പ്രാധാന്യം നൽകി.

ഐയുസിബിആർ ഡയറക്ടർ പ്രോ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ. സ്വാഗതം ആശംസിച്ച ചടങ്ങിൽ പള്ളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതാകുമാരി സലിമോൻ ആശംസകൾ അർപ്പിച്ചു. ഐയുസിബിആർ സീനിയർ സയന്റിസ്റ്റ് ഡോ. രാജേഷ് ഷേണായി നന്ദി പറഞ്ഞു.

രാഷ്ട്രീയ ഏകതാ ദിനം ആചരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിൽ രാഷ്ട്രീയ ഏകതാ ദിനം ആചരിച്ചു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ചേർന്ന യോഗത്തിൽ ഫിനാൻസ് ഓഫീസർ ബിജു മാത്യൂ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പരീക്ഷാ കൺട്രോളറുടെ ചുമതലയുള്ള പ്രൊഫസറായ ഡോ. സജ്ന ജലീൽ, സർവകലാശാലാ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ്

മഹാത്മാഗാന്ധി സർവകലാശാലാ ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷന്റെയും ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ നവംബർ 3ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ സർവകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ (ഏട്ടുക്കെട്ട്) സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. സർവകലാശാലയിലെ ജീവനക്കാർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്കായി നടത്തുന്ന ഈ ക്യാമ്പിൽ ആയുർവേദ വിദഗ്ധരുടെ സേവനം, ആരോഗ്യപരിശോധന, ആരോഗ്യബോധവൽക്കരണ പരിപാടികൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

പരീക്ഷാഫലം

ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2023 അഡ്മിഷൻ റഗുലർ, 20202022 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

അപേക്ഷാതീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെ വിവിധ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 7 വരെ നീട്ടി.

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ (സിബിസിഎസ്) (20202023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ (സിബിസിഎസ്) ബിഎസ്.സി സൈബർ ഫോറൻസിക് (20202023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 1 മുതൽ നടക്കും.

മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബികോം (സിബിസിഎസ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 20202024 അഡ്മിഷൻ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 1 മുതൽ നടക്കും.
പരീക്ഷക്ക് അപേക്ഷിക്കാം

എഴാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എ ഇംഗ്ലീഷ്, ഇൻറഗ്രേറ്റഡ് എം.എസ്.സി ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിങ്, കമ്പ്യൂട്ടർ സയൻസ് ഡാറ്റ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 2022 അഡ്മിഷനുകൾ സപ്ലിമെൻററി) നവംബർ 2026 പരീക്ഷകൾക്ക് ഫൈൻ കൂടാതെ നവംബർ 16 വരെ അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 17 വരെയും സൂപ്പർ ഫൈനോട് കൂടി നവംബർ 18 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ ലേണിംഗ് ഡിസെബിലിറ്റി/ ഇൻറലക്ച്വൽ ഡിസെബിലിറ്റി (സിഎസ്എസ്) (2026 അഡ്മിഷൻ റഗുലർ, 2024, 2025 അഡ്മിഷനുകൾ സപ്ലിമെൻററി, 2023 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2022 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2021 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് ഫൈൻ കൂടാതെ നവംബർ 16 വരെ അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 17 വരെയും സൂപ്പർ ഫൈനോട് കൂടി നവംബർ 18 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

സൊസൈറ്റി ടുഡേ SOCIETY TODAY



സൈബർ സുരക്ഷ ബോധവൽക്കരണ പരിപാടിയുമായി ഗവൺമെൻറ് സൈബർ പാർക്കും വാട്ടിൽ കോർപ്പും

കോഴിക്കോട്: സൈബർ സുരക്ഷാ ബോധവൽക്കരണ മാസത്തിന്റെ ഭാഗമായി വാട്ടിൽകോർപ്പ് സൈബർ സെക്യൂരിറ്റി ലാബ്സും ഗവൺമെന്റ് സൈബർപാർക്കും ചേർന്ന് ബോധവൽക്കരണ സെഷൻ സംഘടിപ്പിച്ചു. പരിപാടിയിൽ സൈബർപാർക്കിലെ വിവിധ കമ്പനികളിൽ നിന്നുള്ള ജീവനക്കാർ പങ്കെടുത്തു.

യഥാർഥ സൈബർ ആക്രമണങ്ങൾ എങ്ങനെ സംഭവിക്കുന്നു എന്ന് പ്രായോഗികമായി മനസ്സിലാക്കാൻ സഹായിക്കുന്ന രീതിയിലാണ് സെഷൻ ഒരുക്കിയത്. തത്സമയ പ്രദർശനങ്ങളിലൂടെ സൈബർ ആക്രമണങ്ങൾ എങ്ങനെ നടക്കുന്നു എന്നും തട്ടിപ്പുകാർ സ്ഥാപനങ്ങളുടെ രഹസ്യ വിവരങ്ങളിലേക്ക് എങ്ങനെ പ്രവേശിക്കുന്നു എന്നും വാട്ടിൽകോർപ്പിലെ സുരക്ഷാ വിദഗ്ധർ വിശദീകരിച്ചു.

ദൈനംദിന പ്രവർത്തനങ്ങളിലെ ചെറിയ സുരക്ഷാ വീഴ്ചകൾ പോലും വലിയ സൈബർ ആക്രമണങ്ങൾക്ക് കാരണമാകാമെന്ന് വ്യക്തമാക്കുന്നതായിരുന്നു സെഷൻ. ഡീപ്ഫേക്ക് വീഡിയോ, ശബ്ദം എന്നിവ ഉപയോഗിച്ച് ഉന്നത ഉദ്യോഗസ്ഥരെ അനുകരിച്ച് പണം തട്ടുന്നതും രഹസ്യ വിവരങ്ങൾ കൈക്കലാക്കുന്നതും എങ്ങനെയെന്ന് വിശദീകരിച്ചതിനോടൊപ്പം ഇത്തരം തട്ടിപ്പുകൾ തിരിച്ചറിയാനും തടയാനും സഹായിക്കുന്ന പ്രായോഗിക മാർഗങ്ങളും പങ്കുവെച്ചു.

സൈബർപാർക്കിലെ കമ്പനികളിൽ സൈബർ സുരക്ഷാ ബോധവൽക്കരണം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് സംഘടിപ്പിച്ചത്. ഐ.ടി. ജീവനക്കാർക്കൊപ്പം സ്ഥാപനത്തിലെ എല്ലാ ജീവനക്കാർക്കും സൈബർ സുരക്ഷയെക്കുറിച്ചുള്ള അറിവ് ആവശ്യമാണെന്ന് സെഷൻ ഓർമിപ്പിച്ചു.

2018മുതൽ പ്രവർത്തിക്കുന്ന വാട്ടിൽ കോർപ്പ് സൈബർ സെക്യൂരിറ്റി ലാബ്സ് കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്ക് ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്. 14 രാജ്യങ്ങളിലായി 500ലധികം ഉപഭോക്താക്കൾക്ക് കമ്പനി സേവനം നൽകുന്നുണ്ട്. സൈബർ സുരക്ഷ, ആപ്ലിക്കേഷൻ, ക്ലൗഡ് സുരക്ഷ, ഡാറ്റാ സ്വകാര്യത, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള കൺസൾട്ടിംഗ്, മാനേജ്ഡ് സെക്യൂരിറ്റി സേവനങ്ങൾ എന്നിവയാണ് പ്രധാന സേവനങ്ങൾ. ഇന്ത്യ, യു.എ.ഇ., സൗദി അറേബ്യ, യു.എസ്.എ. എന്നിവിടങ്ങളിലും വാട്ടിൽകോർപ്പിന് ഓഫീസുകളുണ്ട്.

രണ്ടാം പാദത്തിൽ മികച്ച മുന്നേറ്റം നേടി വിഗാർഡ്: അറ്റാദായം 71 ശതമാനം വർദ്ധിച്ചു

കൊച്ചി: മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2026 സെപ്റ്റംബർ 30ന് അവസാനിച്ച 202627 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ 1852.89 കോടി രൂപ മൊത്തം വരുമാനം നേടി. മുൻ വർഷം ഇതേ പാദത്തിലെ 1340.92 കോടി രൂപയിൽ നിന്ന് 38.2 ശതമാനമാണ് വർധന. മുൻവർഷം ഇതേ പാദത്തിൽ 65.29 കോടി രൂപയായിരുന്ന അറ്റാദായം ഇത്തവണ 71% വർദ്ധിച്ച് 111.67 കോടി രൂപയിലെത്തി.

2026 സെപ്റ്റംബർ 30ന് അവസാനിച്ച ആദ്യ ആറു മാസത്തെ പ്രവർത്തനത്തിലും കമ്പനി മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ഈ കാലയളവിലെ ആകെ ഏകീകൃത പ്രവർത്തന വരുമാനം 30.5 ശതമാനം വർധിച്ച് 3,663.54 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആദ്യ ആറു മാസത്തിൽ ഇത് 2,807 കോടി രൂപയായിരുന്നു.



ഈ സാമ്പത്തിക വർഷത്തെ ആദ്യ ആറു മാസത്തെ അറ്റാദായം 73.9 ശതമാനം വർധിച്ച് 241.92 കോടി രൂപയായി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 139.14 കോടി രൂപയായിരുന്നു അറ്റാദായം.

'എല്ലാ വിഭാഗങ്ങളും മികച്ച വളർച്ച കൈവരിച്ചുകൊണ്ട് ഈ സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ ബിസിനസ്സ് ശക്തമായ പ്രകടനം കാഴ്ചവച്ചു. ഉൽപ്പന്നങ്ങളുടെ വിലയിലുണ്ടായ വ്യത്യാസവും ഭൂരിഭാഗം വിഭാഗങ്ങളിലുണ്ടായ മികച്ച വിൽപ്പനയും ഈ നേട്ടത്തിന് കരുത്തേകി. ബിസിനസിന്റെ സ്ഥിരതയും വ്യക്തമായ ലക്ഷ്യബോധവും അനുകൂലമായ വിപണി സാഹചര്യങ്ങളുമാണ് ഈ വളർച്ചയ്ക്ക് കാരണം. പശ്ചിമേഷ്യൻ യുദ്ധത്തിൻറെ വെല്ലുവിളികൾ ഉണ്ടായിരുന്നെങ്കിലും വിവിധ നടപടികളിലൂടെ ഇത് പരിഹരിക്കാൻ വിഗാർഡിന് സാധിച്ചു. വരും പാദങ്ങളിലും വിതരണവും ലാഭവും നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ വിഗാർഡ് സ്വീകരിക്കും. വരും പാദങ്ങളിലും ഈ വളർച്ചാ മുന്നേറ്റം നിലനിർത്താൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.' വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മിഥുൻ കെ.ചിറ്റിലപ്പിള്ളി പറഞ്ഞു.

ഡിജിറ്റൽ വിപണി വിപുലീകരിക്കാൻ ഫോൺപേ ആപ്പ്സ്റ്റോർ

കൊച്ചി: ഇൻഡസ് ആപ്പ്സ്റ്റോറിന്റെ പേര് ഫോൺപേ ആപ്പ്സ്റ്റോർ എന്നാക്കി മാറ്റി ഫോൺപേ. ഇന്ത്യയിലെ 20 കോടിയിലധികം ഉപകരണങ്ങളിൽ പ്ലാറ്റ്ഫോമിന് സാന്നിധ്യമുണ്ട്. ആപ്പുകൾക്കും ഗെയിമുകൾക്കും പുറമെ ഗിഫ്റ്റ് കാർഡുകൾ, ഡിജിറ്റൽ ടോപ്പ് അപ്പുകൾ തുടങ്ങിയവ ലഭ്യമാക്കുന്ന വിപണിയായി പ്ലാറ്റ്ഫോമിനെ വികസിപ്പിക്കുകയാണ് ലക്ഷ്യം. ചാറ്റ്ജിപിടി, ഡ്യുവോലിംഗോ, ഷെയർചാറ്റ്, സോണി എൽഐവി തുടങ്ങിയ ജനപ്രിയ ആപ്പുകളും ഗെയിമുകളും ഇതിൽ ലഭ്യമാണ്. ആപ്പുകൾ ഡൗൺലോഡ് ചെയ്യാതെ തന്നെ ഡിജിറ്റൽ ഉൽപ്പന്നങ്ങൾ കണ്ടെത്താനും വാങ്ങാനും സഹായിക്കുന്ന വെബ്സ്റ്റോറും കമ്പനി ആരംഭിച്ചിട്ടുണ്ട്. ഫോൺപേയുടെ സുരക്ഷിത പേയ്മെന്റ് സംവിധാനത്തിലൂടെ ഡിജിറ്റൽ ഉൽപ്പന്നങ്ങളുടെ വാങ്ങൽ ലളിതമാക്കുന്നതിനൊപ്പം ഡെവലപ്പർമാർക്ക് പുതിയ വരുമാന സാധ്യതകൾ ഒരുക്കാനും ഈ മാറ്റം ലക്ഷ്യമിടുന്നു.

ബന്ധൻ ബാങ്കിന്റെ ലാഭം 622 കോടി രൂപ


കൊച്ചി: ബന്ധൻ ബാങ്ക് 202627 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ 622 കോടി രൂപ അറ്റാദായം നേടി. ബാങ്കിന്റെ മൊത്തം ബിസിനസ് വാർഷികാടിസ്ഥാനത്തിൽ 11 ശതമാനത്തിലധികം വളർന്ന് 3.3 ലക്ഷം കോടി രൂപയിലെത്തി. വായ്പാ വിതരണം 13.1 ശതമാനം വർധിച്ച് 1.58 ലക്ഷം കോടി രൂപയായി. നിക്ഷേപം 9.2 ശതമാനം വളർച്ചയോടെ 1.73 ലക്ഷം കോടി രൂപയിലെത്തി. മൊത്തം നിക്ഷേപത്തിൽ റീട്ടെയിൽ നിക്ഷേപങ്ങളുടെ വിഹിതം 73 ശതമാനമാണ്. കറന്റ് അക്കൗണ്ട്, സേവിങ്സ് അക്കൗണ്ട് നിക്ഷേപങ്ങളുടെ അനുപാതം 26.7 ശതമാനമായി. രാജ്യത്തെ 35 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 6,400ലധികം ബാങ്കിങ് ഔട്ട്ലെറ്റുകളിലൂടെ 3.2 കോടി ഉപഭോക്താക്കൾക്ക് ബാങ്ക് സേവനം നൽകുന്നുണ്ട്. ലാഭക്ഷമത വർധിപ്പിക്കുന്നതിനും റീട്ടെയിൽ വായ്പാ മേഖല ശക്തിപ്പെടുത്തുന്നതിനും ഡിജിറ്റൽ സേവനങ്ങൾ വിപുലീകരിക്കുന്നതിനും ബാങ്ക് മുൻഗണന നൽകും.



ഫെസ്റ്റിവൽ സെയിലുമായി വൺപ്ലസ്

കൊച്ചി: സ്മാർട്ട്ഫോണുകൾ, ടാബ്ലെറ്റുകൾ, ഓഡിയോ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ആകർഷകമായ വിലക്കുറവുമായി വൺപ്ലസ് ഫെസ്റ്റിവൽ സെയിൽ നീട്ടി. വൺപ്ലസ് 15ആർ 59,999 രൂപയ്ക്കും വൺപ്ലസ് എൻഎക്സ് 17,499 രൂപയ്ക്കും സ്വന്തമാക്കാം. വൺപ്ലസ് 15 സ്മാർട്ട്ഫോണിന് ബാങ്ക് ഓഫറുകൾ ഉൾപ്പെടെ 81,999 രൂപയാണ് ഫലപ്രദമായ വില. വൺപ്ലസ് പാഡ് 4 ടാബ്ലെറ്റ് 58,999 രൂപയ്ക്കും വൺപ്ലസ് ബഡ്സ് പ്രോ 3 ഇയർബഡ്സ് 8,999 രൂപയ്ക്കും ലഭിക്കും. തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾക്ക് ബാങ്ക് ഡിസ്കൗണ്ടുകളും ലഭ്യമാണ്. വൺപ്ലസ് വെബ്സൈറ്റ്, ആമസോൺ, വൺപ്ലസ് സ്റ്റോർ ആപ്പ് എന്നിവ വഴിയും തിരഞ്ഞെടുത്ത ഓഫ്ലൈൻ സ്റ്റോറുകളിലൂടെയും ഉപഭോക്താക്കൾക്ക് ഓഫറുകൾ പ്രയോജനപ്പെടുത്താം.

ഇൻസ്റ്റഗ്രാം റിങ്സ് പുരസ്കാരത്തിൽ മലയാളിത്തിളക്കം



കൊച്ചി: 2026ലെ ഇൻസ്റ്റഗ്രാം റിങ്സ് പുരസ്കാരപ്പട്ടികയിൽ ഇടം നേടി മലപ്പുറം അരീക്കോട് മക്കടവ് സ്വദേശിയായ കണ്ടന്റ് ക്രിയേറ്റർ മുഹമ്മദ് റിസ്വാൻ. ഫ്രീസ്റ്റൈൽ ഫുട്ബോൾ വീഡിയോകളിലൂടെ ശ്രദ്ധേയനായ റിസ്വാൻ ഉൾപ്പെടെ ലോകമെമ്പാടുമുള്ള 25 ക്രിയേറ്റർമാരെയാണ് പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്. ഇന്ത്യൻ വംശജയായ മോഡൽ ഭവിത മന്ദവയും പട്ടികയിൽ ഇടം നേടി. ഷെഫ് വികാസ് ഖന്ന, അമേരിക്കൻ ഹിപ്ഹോപ് താരം എംഎപി റോക്കി, ഫാഷൻ ഡിസൈനർ ഡൊണാറ്റെല്ല വെർസേസ് എന്നിവരടങ്ങിയ ജൂറിയാണ് വിജയികളെ തിരഞ്ഞെടുത്തത്. സർഗാത്മകതയിലൂടെ ആഗോളതലത്തിൽ ശ്രദ്ധ നേടുന്ന ക്രിയേറ്റർമാരെ ആദരിക്കുന്നതാണ് പുരസ്കാരം. വിജയികൾക്ക് ഇൻസ്റ്റഗ്രാം പ്രൊഫൈലിൽ പ്രത്യേക ഗോൾഡൻ റിങ് ആനിമേഷനും ഇഷ്ടമുള്ള പശ്ചാത്തല നിറം തിരഞ്ഞെടുക്കാനുള്ള അവസരവും ലഭിക്കും.

സൊസൈറ്റി ടുഡേ SOCIETY TODAY



25 വിദ്യാർത്ഥികൾക്ക് സ്വിമ്മിംഗ് കിറ്റുകൾ വിതരണം ചെയ്ത് സന്താരി റിസോർട്സും മുത്തൂറ്റ് ഫിനാൻസും

ആലപ്പുഴ: സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി സന്താരി റിസോർട്സും മുത്തൂറ്റ് ഫിനാൻസും സംയുക്തമായി വിദ്യാർത്ഥികൾക്ക് സ്വിമ്മിംഗ് കിറ്റുകൾ വിതരണം ചെയ്തു. ആലപ്പുഴ കൈനകരി സെന്റ് മേരീസ് ഹൈസ്കൂളിലെ 25 വിദ്യാർത്ഥികൾക്കാണ് സി.എസ്.ആർ പദ്ധതിയുടെ ഭാഗമായി സ്വിമ്മിംഗ് കിറ്റുകൾ വിതരണം ചെയ്തത്. 10 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികളിൽ നീന്തൽ പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനും ജല സുരക്ഷയെക്കുറിച്ച് അവബോധം വളർത്തുന്നതിനുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കുട്ടികളിലെ വെള്ളത്തോടുള്ള ഭയം മാറ്റി ആത്മവിശ്വാസം വളർത്താനും പ്രാഥമിക ജലസുരക്ഷാ രീതികൾ പരിശീലിപ്പിക്കാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വേമ്പനാട്ടു കായലിന്റെയും ചെറുതോടുകളുടെയും സാമീപ്യമുള്ള കൈനകരി പോലുള്ള പ്രദേശങ്ങളിൽ നീന്തലറിയുന്നതും ജലസുരക്ഷാ പാഠങ്ങൾ ഉൾക്കൊള്ളുന്നതും പ്രധാനമാണ്.

കൈനകരി പോലുള്ള തീരദേശ മേഖലയിലെ കുട്ടികൾക്ക് നീന്തൽ അറിയുക എന്നത് ഒരു കായികക്ഷമത എന്നതിലുപരി അത്യന്താപേക്ഷിതമായ ജീവൻരക്ഷാ മാർഗം കൂടിയാണെന്ന് സന്താരി റിസോർട്ട്സ് ചീഫ് എക്സ്പീരിയൻസ് ഓഫീസർ അരവിന്ദ് ഗംഗാധരൻ പറഞ്ഞു. കുട്ടികളുടെ സുരക്ഷയും ക്ഷേമവും മുൻനിർത്തിയുള്ള പദ്ധതികളിൽ പ്രദേശവാസികൾക്കൊപ്പം പങ്കാളികളാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സമാനമായ സാമൂഹികക്ഷേമ പദ്ധതികളിലൂടെ കുട്ടികളുടെ സമഗ്ര വികസനത്തിനും സുരക്ഷയ്ക്കും ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിൽ സന്താരി റിസോർട്ട്സും മുത്തൂറ്റ് ഫിനാൻസും പ്രതിജ്ഞാബദ്ധരാണ്.

28 കോടിയിലധികം രൂപ നിക്ഷേപം സമാഹരിച്ച് കെഎസ് യുഎം സ്റ്റാർട്ടപ്പായ വെന്റപ്പ്

കൊച്ചി: കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം) യൂണീക് ഐഡി സ്റ്റാർട്ടപ്പായ വെന്റ്പ്പ് 3 മില്യൺ ഡോളർ (ഏകദേശം 28 കോടിയിലധികം രൂപ) പ്രീസീരീസ് എ റൗണ്ടിൽ സമാഹരിച്ചു. പ്രമുഖ എയ്ഞ്ജൽ നിക്ഷേപ സ്ഥാപനങ്ങളായ സെറോദയുടെ റെയിൻമാറ്ററും യൂണികോൺ ഇന്ത്യ വെഞ്ചേഴ്സും ചേർന്നാണ് നിക്ഷേപ സമാഹരണത്തിന് നേതൃത്വം നൽകിയത്.കൊച്ചിയിലെ വെന്റ്പ്പിന്റെ എഞ്ചിനീയറിംഗ് ടീമിനെ വിപുലീകരിക്കാനും, ബെംഗളൂരുവിലെ ഹൈടെക് ഡിഫൻസ് & എയ്റോസ്പേസ് പാർക്കിൽ അത്യാധുനിക നിർമ്മാണ കേന്ദ്രവും ദ്രുതഗതിയിലുള്ള ഉത്പന്ന മാതൃകാ സൗകര്യങ്ങളും സ്ഥാപിക്കാനും ഈ തുക വിനിയോഗിക്കുമെന്ന് വെന്റ്പ്പ് സഹസ്ഥാപകനും സിഇഒയുമായ സന്ദീപ് നായർ വ്യക്തമാക്കി. കൂടാതെ, ബി2ബി സോഴ്സിംഗ്, വിതരണക്കാരുടെ വിവരശേഖരണം, പ്രവർത്തനക്ഷമത എന്നിവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നൂതന സാങ്കേതികവിദ്യകളും നിർമ്മിതബുദ്ധിയും (എഐ) കമ്പനി പ്രയോജനപ്പെടുത്തും.

പുനരുപയോഗ ഊർജ്ജം, പ്രതിരോധം, എയ്റോസ്പേസ്, ബഹിരാകാശ മേഖലകൾ എന്നിവയിൽ രൂപകൽപ്പന, വികസനം, വൻതോതിലുള്ള ഉൽപ്പാദനം വരെയുള്ള പ്രവർത്തനങ്ങളെ വേഗത്തിലാക്കാൻ മൂലധന സമാഹരണം കമ്പനിയെ സഹായിക്കും. സൂക്ഷ്മചെറുകിടഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) പങ്കാളിത്തത്തോടെ മികച്ച നിർമ്മാണ മാതൃകയാണ് കമ്പനി കെട്ടിപ്പടുക്കുന്നതെന്നും സന്ദീപ് നായർ പറഞ്ഞു. ആഭ്യന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം ആഗോള വിപണിയിലേക്ക് പ്രമുഖ നിർമ്മാണ കേന്ദ്രമാക്കി ഇന്ത്യയെ മാറ്റുക എന്നതാണ് 'ഇന്ത്യ ഫോർ ഇന്ത്യ, ഇന്ത്യ ഫോർ ദ വേൾഡ്' എന്ന ദൗത്യത്തിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.



കെഎസ്യുഎമ്മിൽ ഇൻകുബേറ്റ് ചെയ്യപ്പെട്ട വെന്റ്പ്പ്, 2024ലെ സീഡ് റൗണ്ടിന് ശേഷം വരുമാനത്തിൽ അഞ്ചിരട്ടി വളർച്ച രേഖപ്പെടുത്തി നടപ്പു വർഷത്തിൽ 10 കോടി രൂപ കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ 12 മാസത്തിനിടെ പ്രമുഖ കമ്പനികൾ ഉൾപ്പെടെ 15ലധികം വൻകിട ഉപഭോക്താക്കളെ സ്വന്തമാക്കിയ വെന്റ്പ്പിന് നിലവിൽ 30 കോടി രൂപയുടെ ബിസിനസ് ഓർഡറുകൾ പൈപ്പ് ലൈനിലുണ്ട്.

ഇന്ത്യയിലെ ഡീപ്ടെക്, ഹാർഡ് വെയർ സ്റ്റാർട്ടപ്പുകൾക്കും നിർമ്മാണ സ്ഥാപനങ്ങൾക്കും വിശ്വസനീയമായ വിതരണ ശൃംഖല ഉറപ്പാക്കാൻ വെന്റ്പ്പിന്റെ വികസനം വഴി സാധിക്കുമെന്ന് റെയിൻമാറ്ററും യൂണികോൺ ഇന്ത്യ വെഞ്ചേഴ്സും ചൂണ്ടിക്കാട്ടി. ഊർജ്ജഡാറ്റാ സെന്ററുകൾ, എയ്റോസ്പേസ്പ്രതിരോധ സംവിധാനങ്ങൾ, സ്മാർട്ട് ഇൻഫ്രാസ്ട്രക്ചർ, ഓട്ടോമേഷൻ തുടങ്ങിയ തന്ത്രപ്രധാനമായ മേഖലകളിലാണ് കമ്പനി ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ഹിറ്റാച്ചി എനർജി, സീമെൻസ്, എൽ ആൻഡ് ടി, കൽപതരു പവർ തുടങ്ങിയ പ്രമുഖ കമ്പനികളിൽ ദീർഘകാല പ്രവർത്തനപരിചയമുള്ള സന്ദീപ് നായർ (സഹസ്ഥാപകൻ, സിഇഒ), എം. വസീം അംഗ്ലി (സഹസ്ഥാപകൻ സിഒഒ), ജോസഫ് പനക്കൽ (സഹസ്ഥാപകൻ സിഎംഒ) എന്നിവർ ചേർന്നാണ് വെന്റപ്പ് സ്ഥാപിച്ചത്.

ഗ്യാരണ്ടീഡ് ഇൻഡക്സ്ഡ് പെൻഷൻ പ്ലാൻ പുറത്തിറക്കി

കൊച്ചി: ഐസിഐസിഐ ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ് ഗ്യാരണ്ടീഡ് ആനുവിറ്റിയും വേരിയബിൾ ആനുവിറ്റിയും സംയോജിപ്പിച്ച് ഉപഭോക്താക്കൾക്ക് ഐസിഐസിഐ ലൈഫ് ഗ്യാരണ്ടീഡ് ഇൻഡെക്സ്ഡ് പെൻഷൻ ആരംഭിച്ചു. ഗ്യാരണ്ടീഡ് ഘടകം ഉപഭോക്താക്കൾക്ക് വരുമാന സ്ഥിരത വാഗ്ദാനം ചെയ്യുമ്പോൾ, വേരിയബിൾ ഘടകം സൂചികയുമായി ബന്ധപ്പെട്ട വരുമാനത്തിലൂടെ പണപ്പെരുപ്പത്തിൽ നിന്ന് സംരക്ഷിക്കാൻ അവരെ സഹായിക്കുന്നു. 60 ശതമാനം മുതൽ 100 ശതമാനം വരെ ഗ്യാരണ്ടീഡ് ആനുവിറ്റി തിരഞ്ഞെടുക്കാനുള്ള സൗകര്യം പദ്ധതിയുടെ ഒരു പ്രധാന സവിശേഷതയാണ്, ബാക്കി ഭാഗം നിഫ്റ്റി 50 ടോട്ടൽ റിട്ടേൺ ഇൻഡക്സുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഇത് ഉപഭോക്താക്കളെ വിപണിയിൽ പങ്കെടുക്കാനും അവരുടെ വാർദ്ധക്യകാലത്ത് റിട്ടയർമെൻറ് വരുമാനത്തിന് ഉയർന്ന വളർച്ചാ സാധ്യത നൽകാനും പ്രാപ്തരാക്കുന്നു.

ആയുർദൈർഘ്യ നിരക്ക് വർധിച്ചതിനാൽ വ്യക്തികൾ ദീർഘകാലത്തേക്ക് റിട്ടയർമെൻറ് ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഉയരുന്ന ജീവിതച്ചെലവുകളും മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക ലക്ഷ്യങ്ങളും സ്ഥിരത നൽകുന്നതും അതേസമയം വിപണിയുമായി ബന്ധിപ്പിച്ച വരുമാന വളർച്ചയ്ക്ക് സാധ്യത നൽകുന്നതുമായ റിട്ടയർമെൻറ് ആസൂത്രണ പദ്ധതികൾ അത്യാവശ്യമാണെന്ന് ഐസിഐസിഐ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു. ഈ പദ്ധതി പർച്ചേസ് വില തിരികെ നൽകുന്ന സിംഗിൾലൈഫ്, ജോയിന്റ് ലൈഫ് ഓപ്ഷനുകൾ വാഗ്ദാനം ചെയ്യുന്നു. ആനുവിറ്റി ഉടമയുടെയോ അവസാനമായി ജീവിച്ചിരിക്കുന്ന ആനുവിറ്റി ഉടമയുടെയോ ദൗർഭാഗ്യകരമായ വിയോഗം സംഭവിച്ചാൽ, അടച്ച മൊത്തം പ്രീമിയത്തിന് തുല്യമായ മരണാനന്തര ആനുകൂല്യം നോമിനിക്ക് തിരികെ നൽകും.

ദീപാവലി: ഷിപ്പ്മെന്റുകൾക്ക് 60% വരെ ഡിസ്കൗണ്ടുകളുമായി ഡി എച്ച് എൽ എക്സ്പ്രസ് ഇന്ത്യ

കൊച്ചി: പ്രമുഖ അന്താരാഷ്ട്ര എക്സ്പ്രസ് സേവനദാതാക്കളായ ഡിഎച്ച് എൽ എക്സ്പ്രസ് ദീപാവലിയോട് അനുബന്ധിച്ച് പ്രത്യേക ഉത്സവകാല ഡിസ്കൗണ്ട് പ്രഖ്യാപിച്ചു. 14 നവംബർ 2026 വരെ ലഭ്യമായ ഈ ഓഫറിലൂടെ ഉപഭോക്താക്കൾക്ക് അന്താരാഷ്ട്ര, ആഭ്യന്തര ഷിപ്പ്മെന്റുകൾക്ക് 60% വരെ ഡിസ്കൗണ്ട് ലഭിക്കും. ഇന്ത്യയിലും പുറത്തുമുള്ള കുടുംബാംഗങ്ങൾക്കും പ്രിയപ്പെട്ടവർക്കും സമ്മാനങ്ങളും മധുരപലഹാരങ്ങളും ഉത്സവ ആശംസകളും അയയ്ക്കാൻ ഉപഭോക്താക്കൾക്കായി പ്രത്യേക പ്രൊമോഷൻ കോഡും പ്രഖ്യാപിച്ചു. ഉപഭോക്താക്കൾക്ക് ഡിഎച്ച് എൽ വെബ്സൈറ്റിലോ ഡിഎച്ച് എൽ സർവീസ് പോയിന്റിലോ FESTIVAL60 എന്ന പ്രൊമോഷൻ കോഡ് ഉപയോഗിക്കാം.

പ്രത്യേക ആനുകൂല്യങ്ങളുമായി ഹീറോ മോട്ടോകോർപ്പ് ഹീറോത്സവ് പ്രഖ്യാപിച്ചു

കൊച്ചി: ഹീറോ മോട്ടോകോർപ്പ് നാല് ദിവസത്തെ 'ഹീറോത്സവ്' പ്രഖ്യാപിച്ചു. കമ്പനിയുടെ ദേശീയതല ആഘോഷ കാമ്പെയ്നായ 'ഹീറോ സംഗ് തയ്യോഹാർ ഹേ ഹർ കഹീൻ'ന്റെ ഭാഗമായാണ് ഈ പ്രത്യേക പരിപാടി സംഘടിപ്പിക്കുന്നത്.ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിയപ്പെട്ട ഇരുചക്രവാഹനം സ്വന്തമാക്കാൻ കൂടുതൽ നേട്ടങ്ങൾ നൽകുകയാണ് ഇതിലൂടെ കമ്പനി ലക്ഷ്യമിടുന്നത്.

ഈ നാല് ദിവസങ്ങളിൽ ദിനവും ഹീറോ ഇരുചക്രവാഹനങ്ങൾ, സ്വർണ്ണനാണയങ്ങൾ, മറ്റ് ഉറപ്പായ സമ്മാനങ്ങൾ എന്നിവ നേടാൻ അവസരമുണ്ട്. ഇതിനുപുറമേ 100% വരെ ഫിനാൻസിംഗ് സൗകര്യം, 2,222 രൂപ മുതൽ ആരംഭിക്കുന്ന പ്രതിമാസ തിരിച്ചടവ്,നോ കോസ്റ്റ് ഇ എംഐ, തിരഞ്ഞെടുത്ത ക്രെഡിറ്റ് കാർഡുകൾക്ക് 10,000 രൂപ വരെ തൽക്ഷണ ക്യാഷ്ബാക്ക്, 6,000 രൂപ വരെയുള്ള കോർപ്പറേറ്റ് ആനുകൂല്യങ്ങൾ എന്നിവയും ലഭ്യമാണ്. ഉപഭോക്താക്കൾക്ക് നവംബർ 4 വരെയുള്ള ഈ പരിമിത കാല ഓഫറുകൾ അടുത്തുള്ള ഹീറോ ഡീലർഷിപ്പ് വഴിയോ ഡിജിറ്റൽ റീട്ടെയിൽ പ്ലാറ്റ്ഫോം വഴിയോ പ്രയോജനപ്പെടുത്താവുന്നതാണ്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com